# Athmaraksha.org

ലേഖനം - കുടുംബം,സമാധാനം,സന്തോഷം, കരുണ

## വിവാഹം ബാധ്യതയോ? സാധ്യതയോ?




പരസ്പരം തിരഞ്ഞെടുക്കപ്പെട്ട രണ്ട് വ്യക്തികൾ തമ്മിൽ ഒന്നുചേരാൻ അതിപാവനമായ തിരുകർമ്മങ്ങൾക്കുശേഷം ഉടമ്പടിയെടുത്ത്, ഉത്തമമായ ബന്ധം പുലർത്തുന്ന ഭൂമിയിലെ പുണ്യകർമ്മമാണല്ലോ വിവാഹം. ഈ കൂദാശാ കർമ്മത്തിലെ ദൃഢമായ പ്രതിജ്ഞകൾ ജീവിതാവസാനംവരെ പൂർത്തിയാക്കാൻ കഴിയുന്നവരും കഴിയാത്തവരും കരുതലോടെ കാക്കേണ്ട കാര്യങ്ങൾ കേട്ടുമടുത്തവർ ഏറെയുണ്ടെങ്കിലും ഈ കാലഘട്ടത്തിൽ മനസ്സിലാക്കേണ്ട ചില മനോഭാവങ്ങളെയും ചിന്താവൈരുദ്ധ്യങ്ങളേയും സവിനയം സമർപ്പിക്കുകയാണിവിടെ.

ഒരുമിച്ചവർക്കിടയിൽ നൊമ്പരങ്ങളുടെ നിരന്തര പരമ്പര കാലഘട്ടങ്ങളായി തുടരുകയാണ്. വിവാഹാലോചന മുതൽ വിവാഹകർമ്മം വരെയും, പിന്നീട് വിവാഹശേഷം തുടർന്നുള്ള നാളുകൾ പിന്നിടുന്ന വഴികളിൽ നാം തിരിച്ചറിയാതെ പോകുന്ന ചില ഭാവ വ്യത്യാസങ്ങൾ സാമൂഹ്യ മാറ്റങ്ങൾ ശ്രദ്ധയോടെ പരിഗണിക്കേണ്ടതുണ്ട്.

വിവാഹം കഴിക്കാൻ തീരുമാനമെടുത്ത് ഇതൊരു ബാധ്യതയോ? സാധ്യതയോ? എന്ന സംശയത്തിൽ ശങ്കിച്ച് നിൽക്കുന്ന യുവതീ യുവാക്കളെ കണ്ടിട്ടുണ്ട്. കാരണം തിരഞ്ഞെടുപ്പുകളിൽ തീർന്നുപോയ വിവാഹിതരെ കണ്ടറിഞ്ഞ ഭയപ്പാടുകൊണ്ടാണ് ഇന്നത്തെ യുവാക്കൾ പകച്ചു നില്ക്കുന്നത്. എന്തുകൊണ്ടാണ് ഈ ഭയപ്പാടും ആകുലതയും പെരുകുന്നത് ? ഈ ബന്ധം തനിക്കൊരു ബാധ്യതയാകുമോ എന്ന ചിന്തയും സാധ്യതകൾ എന്തൊക്കെയാകും എന്ന ആകാംക്ഷയും കൂടിക്കലർന്ന സമ്മിശ്ര വികാരത്തോടെയാണ് ഇന്ന് പലരും വിവാഹ വേദിയിൽ എത്തുന്നത്. വിവാഹം കഴിക്കാൻ ഒരുങ്ങുന്നവർ ആദ്യംതന്നെ മനസ്സിലാക്കേണ്ടത് ഇന്നത്തെ സമൂഹത്തിൽ എല്ലാ തലത്തിലും തരത്തിലും പെട്ടവർക്കിടയിൽ യാതൊരു വ്യത്യാസവുമില്ലാതെ നടക്കുന്ന ചില രീതികളാണ്. സാമ്പത്തിക സുരക്ഷിതത്വം ഇല്ലാതെ എങ്ങിനെ വിവാഹം കഴിക്കും.? മറിച്ച് സാമ്പത്തിക അച്ചടക്കം പാലിച്ച് വെല്ലുവിളിയോടെ വിവാഹം കഴിക്കാൻ ഈ തലമുറക്ക് അത്ര ധൈര്യവും പോരാ.

അതിൽ ഏറ്റവും പ്രധാനം, വിവാഹം ആലോചിക്കുമ്പോൾ വീട്ടുകാരും വിവാഹം

കഴിക്കുന്നവരും വിട്ടുവീഴ്ചയില്ലാതെ തുടരുന്ന ചില നിലപാടുകളാണ്. അതിൽ ഏറ്റവും വൈരുധ്യംതോന്നുന്ന തിരഞ്ഞെടുപ്പ് രീതിയിലെ പ്രഥമ ചോദ്യമാണ്...നിനക്കെന്തുണ്ട്? (ണവമ േ്യൗ വമ്ല). ചെറുക്കനാണെങ്കിലും പെണ്ണിനാണെങ്കിലും എന്തുണ്ട് എന്ന ചോദ്യത്തിന് മുൻപിൽ കൊടുക്കേണ്ടി വരുന്ന (Yes or No) പോലെയായിരിക്കും വിവാഹ മാർക്കറ്റിലെ വിലയിടലും പൊരുത്തം/പൊരുത്തക്കേട് തീരുമാനങ്ങളൊക്കെയും. പെണ്ണിന്/ചെറുക്കന് നിറമുണ്ടോ? ഉയരമുണ്ടോ? വണ്ണമുണ്ടോ? വണ്ണക്കുറവുണ്ടോ? പഠിത്തമുണ്ടോ? ജോലിയുണ്ടോ? വിദേശത്താണോ? പണമുണ്ടോ? വീടുണ്ടോ? കാറുണ്ടോ? സ്ഥലമുണ്ടോ? സൗന്ദര്യമുണ്ടോ? ഇത്തരം 'ഉണ്ടോ' ഉണ്ടോയെന്ന ചോദ്യങ്ങൾ എത്രമാത്രം 'ഉണ്ടുകൾ' ഉണ്ടോ, അത്രമാത്രം ഉണ്ടുകളുള്ള ഒരു ചെറുക്കനെ/പെണ്ണിനെ കണ്ടെത്താൻ നാട്ടുനീളെ നെട്ടോട്ടമോടുന്ന നാനാജാതിക്കാർക്കിടയിലെ വ്യഗ്രത വിവരിക്കാനാവുന്നതിനപ്പുറത്താണ്. ഇങ്ങനെ ഒപ്പത്തിനൊപ്പം ഒപ്പിച്ചെടുക്കാനുള്ള തത്രപ്പാടുകൾ തിങ്ങി നിറഞ്ഞ കഷ്ടപ്പെട്ട കാലമാണ് വിവാഹാലോചനാ കാലം. എന്നാൽ വിവാഹാലോചനയിൽ വിവേക പൂർവ്വമായ ഒരു ചോദ്യമാണ് എങ്ങനെയുണ്ട് ചെറുക്കൻ/പെണ്ണ്? ഇവിടെ ഉദ്ദേശിക്കുന്നത് ഈ 'ഉണ്ടുകളുടെ' പെരുക്കമല്ല മറിച്ച് വിവാഹശേഷം പരിക്കുപറ്റാതെ ജീവിക്കാൻ സാധ്യമായ സുന്ദരമായ ചോദ്യമാണ്. ചെറുക്കന്റെ/പെണ്ണിന്റെ സ്വഭാവം എങ്ങിനെയുണ്ട് എന്നാണ് ഇവിടെ ഉദ്ദേശിക്കുന്നത്. നീ ആരാണ് (What you are) എന്ന ചോദ്യത്തിൽ ഈ ചെറുക്കൻ/പെണ്ണ് എങ്ങിനെയുള്ളവനാണെന്നതാണ് പ്രസക്തമായ ചോദ്യം. ബാഹ്യമായ നേട്ടങ്ങളൊന്നുമല്ല. ആന്തരികമായ സ്വഭാവ ഗുണങ്ങളാണിവിടെ വിലമതിക്കപ്പെടുന്നത്.

ഈ ചോദ്യം ഏറെ പ്രസക്തമാണെങ്കിലും എത്രപേർ കൃത്യമായി വിലയിട്ട് ബോധ്യപ്പെട്ട് ശരിയായ തിരിച്ചറിവോടെ വിവാഹവേദിയിലെത്തുന്നുണ്ട്? വളരെ അസ്വസ്ഥമായ അന്വേഷണം ആകാംക്ഷയോടെ നടത്താറുണ്ടെങ്കിലും സത്യത്തിൽ ആരെക്കെ ഇതിനുള്ള മറുപടി തൃപ്തികരമായി നല്കിയാലും പൂർണ്ണമായ ഉത്തരം അവർക്കു മാത്രമേ അറിയാവൂ എന്നതാണ് നഗ്നമായ സത്യം. അവനവനു മാത്രം അറിയാവുന്ന ഈ സത്യത്തെ വെളിപ്പെടുത്താതെ വിവാഹവേദികളിൽ 'ഉണ്ടു'കളുടെ പുറം മേനിയിൽ പുളകിതരും പൊങ്ങച്ചം കാട്ടുന്നവരും ഒന്നിനൊന്ന് മത്സരിക്കുമ്പോൾ നാം പലപ്പോഴും യഥാർത്ഥ ചോദ്യവും അതിന്റെ ഉത്തമമായ ഉത്തരവും 'ഉണ്ടി'ൽമാത്രം ഒതുക്കി ഒപ്പിച്ചെടുക്കുന്ന ബന്ധങ്ങളിൽ നിന്നും സൗന്ദര്യമുള്ള സനാതന മൂല്യങ്ങൾക്ക് വില കല്പ്പിക്കുന്ന കുടുംബങ്ങളെ കെട്ടിപ്പടുക്കാൻ സൗകര്യ പൂർവ്വം മറക്കുന്നു. ഈ കാലഘട്ടത്തിൽ എല്ലാം അറിയാൻ സംവിധാനങ്ങൾ ഏറെയുണ്ടെങ്കിലും ഒരുവന്റെ/ഒരുവളുടെ ഉള്ളറിയുവാനുള്ള ഉപാധികൾ ഉപയോഗിക്കാതെ ലാഭ നഷ്ടങ്ങളെ മാത്രം മനസ്സിൽ കണക്കുക്കൂട്ടി ബന്ധങ്ങൾ രൂപപ്പെടുത്തുകയാണ്. കഴിഞ്ഞ കാലഘട്ടത്തിൽ ഒരു ചെറുക്കന്റെ/പെണ്ണിന്റെ സ്വഭാവ രീതികളെക്കുറിച്ച് നാട്ടിലന്വേഷിച്ചാൽ വിവരം കൃത്യമായി അറിയാൻ ഇടയുണ്ടായിരുന്നു. ഇന്ന് നാട്ടിൽ ഒരാളെക്കുറിച്ച് ചോദിച്ചാൽ ആർക്കും ഒന്നും അറിയില്ല. അതും ഇതും അല്ലാതെ വ്യക്തമായ ഒരു വിവരവും ആർക്കും ആരെക്കുറിച്ചും ഇല്ല, കൊടുക്കാനാവാത്തവിധം സ്വന്തമായ സത്യ ബോധ്യങ്ങളിലേക്ക് എല്ലാവരും ഒളിക്കുകയാണോ അതോ ഓടി മറയുകയാണോ?

െ്രെകസ്തവർക്കിടയിലെ വിവാഹ ഒരുക്കങ്ങൾ മറ്റ് മതസ്ഥരേക്കാൾ അതിനെ മനോഹരമാക്കുന്ന തിരുകർമ്മങ്ങളുടെയും വിവാഹത്തിനുമുൻപുള്ള പ്രീമാരിറ്റൽ കൗൺസലിംഗ് ബോധവത്ക്കരണ പരിപാടികളുടേയും തികഞ്ഞ വ്യത്യസ്തതയാൽ ഏറെ പ്രശംസനീയമാണ്. അവിടെവച്ചെങ്കിലും ഇവൻ/ഇവൾ ആരെന്നറിയുവാൻ അവസരം കൊടുക്കേണ്ടതാണ്. വിവാഹശേഷം ജീവിതം ആരംഭിക്കുമ്പോൾ ആദ്യം തന്നെ, പരസ്പരം സ്വഭാവരീതികളുടെ മറനീക്കി പുറത്തുവരും. അപ്പോഴാണ് പൊരുത്തവും പൊരുത്തക്കേടും ആരംഭിക്കുന്നതും, അടിക്കടി അവരവരുടെ പോരായ്മകളിൽ പ്രയാസപ്പെട്ട്, പരസ്പരം പഴിചാരി മനസ്സിന്റെ വിവിധ ഭാവങ്ങളിലെത്തുന്നത്.

വിവാഹത്തെ ഒരു ബാധ്യതയും സാധ്യതയും ആക്കുന്നത് 'സമ്പത്ത്' എന്ന ചിന്താഗതിക്ക് ദിശാബോധം നല്കുമ്പോഴാണ് ഇന്നത്തെ സമൂഹം ആകമാനം സമ്പത്തിന്റെ സാധ്യതകളും

അതില്ലാത്തവയെ ബാധ്യതയുടെ ഗണത്തിൽ ഗതിവേഗം മാറ്റിനിർത്തുകയുമാണ്. അതിനാൽ സമ്പത്തിന്റെ സാധ്യതക്കപ്പുറമുള്ള സ്വാധീനസാഹചര്യങ്ങളെ വളരെ ഗൗരവത്തിൽ പരഗണിക്കേണ്ടതുണ്ട്. സമ്പത്തിന്റെ സ്ഥാനമാന തുലനങ്ങളിൽ തുടർച്ചയായി സ്വയം ഒതുങ്ങിയോ ഒതുക്കിയോ ഒത്തുപോകുന്നവരും ഒത്തുപോകാനാവാതെ ഓർത്തോർത്ത് വിലപിക്കുന്നവരും വിധിയെ പഴിക്കുന്നവരും ഒട്ടനവധിയാണ്. എന്തുകൊണ്ടാണ് ഇങ്ങനെ പൊരുത്തക്കേടുകൾ പെട്ടന്ന്തന്നെ ഉണ്ടാകുന്നത്? കാരണം ശരീരത്തെപ്പോലെ മനസ്സിനും മനസ്സിന്റെ ഭാവങ്ങൾക്കും വ്യക്തികളുടെ ജീവിതത്തിൽ സ്വാധീനം ചെലുത്താൻ സാധിക്കും. ഇത് മനസ്സിലാക്കി പരസ്പരമുള്ള ആശയവിനിമയവും ഹൃദയബന്ധവും പുലർത്തിയാൽ തീർച്ചയായും കുടുംബജീവിതം കൂടുതൽ കൂടുതൽ മെച്ചപ്പെടും.

ഇന്ന് ലോകം മൊത്തത്തിൽ മാറിയിരിക്കുന്നു. ഈ മാറ്റം എല്ലായിടത്തും എല്ലാവരിലും സംഭവിക്കുന്നു. ഇതിൽ, മനസ്സിന്റെ മാറ്റം, മനസ്സിന്റെ ഭാവം തുടങ്ങിയവ മനസ്സിലാക്കി വേണം വിവാഹജീവിതവും ചിട്ടപ്പെടുത്താൻ. പ്രധാനമായും പങ്കാളികൾ പരസ്പരം മനസ്സിലാക്കേണ്ട മനോഭാവങ്ങൾ നാലുതരമാണ്.

ആദ്യത്തെ മനോഭാവം ഉണർവ്വില്ലാത്ത ഭാവം (പാസീവ്/Passive attitude)

രണ്ടാമത്തെ മനോഭാവം അക്രമ ഭാവം (അഗ്രസ്സീവ്/Aggressive attitude)
മൂന്നാമത്തെ മനോഭാവം ഉണർവ്വുള്ള ഭാവം (ആക്ടീവ്/ Active attitude)
നാലാമത്തെ മനോഭാവം ഉത്തമ ഭാവം (പ്രൊ ആക്ടീവ്/ Proactive attitude)

ഇതിൽ ആദ്യത്തെ മനോഭാവമുള്ളവർ എല്ലാ കാര്യങ്ങളും യാതൊരു താത്പര്യവുമില്ലാതെ ചെയ്യുന്നവരും, ഉറക്കംതൂങ്ങികളുമാണ്. വളരെ പതുക്കെ, ആടിത്തൂങ്ങി നിന്ന് കാര്യങ്ങൾ പ്രഭാതം മുതൽ പ്രദോഷം വരെ ചെയ്യുന്നവരാണിവർ. എല്ലാ കാര്യങ്ങളും നീട്ടിനീട്ടി വച്ച് മുടക്കം വരുത്തുന്നവരാണ് ഇക്കൂട്ടർ. കർത്തവ്യങ്ങളും കടമകങ്ങളും മറന്ന് പ്രവർത്തിക്കുന്നവരാണിവർ. അലസതയും ആത്മാർത്ഥതയില്ലായ്മയും കാര്യ,ഗൗരവം നഷ്ടപ്പെട്ട കുടുംബത്തിന്റെ കാര്യങ്ങൾ എങ്ങനെ വേണമെങ്കിലും പോകട്ടെ, എനിക്കൊന്നുമില്ല എന്ന ചിന്തയുള്ളവർ. എപ്പോഴും പരാതികളും പരിഭവങ്ങളും വിട്ടൊഴിയാത്തവരാണിവർ. ഒടുവിൽ, തന്നെ ഒന്നിനും കൊള്ളില്ല, നിങ്ങളൊക്കെയാണ് നല്ലത് എന്ന അപകർഷതാബോധത്തിനടിമയായി സ്വന്തം കഴിവുകളെ കാണാതെ ഒരു മൂഢലോകത്തിൽ ജീവിക്കുന്നവരാണിവർ. ഒരു കാര്യം ചെയ്യാതെ പോയതിന് നൂറുകണക്കിന് കാര്യങ്ങൾ നിരത്തുന്നവർ. ഇവരോടൊപ്പം ജീവിക്കുന്ന ഒരു പങ്കാളിക്ക് വീർപ്പ്മുട്ടൽ അനുഭവപ്പെടും. മാത്രമല്ല പൊറുതിമുട്ടുമ്പോൾ ഇവർ രണ്ടാമത്തെ അക്രമഭാവത്തിലേക്ക് പതുക്കെ തന്റെ ഭാവം മാറുന്നത് മനസ്സിലാക്കാതെ പോകും. അതായത്, പങ്കാളി (ഭാര്യ) ഉണർവ്വില്ലാത്ത ഭാവത്തിലാണെങ്കിൽ ഭർത്താവ് ഉടനെ അക്രമഭാവത്തിലേക്ക് മാറും. ഇങ്ങനെ അക്രമഭാവത്തിൽ എത്തുന്ന പങ്കാളി (ഭർത്താവോ, ഭാര്യയോ) പൊട്ടിത്തെറിക്കുന്നവരും കടുത്തവാക്കുകൾകൊണ്ട് പങ്കാളിയെ വേദനിപ്പിക്കുന്നവരുമാണ്. അത് പിന്നീട് ഗാർഹിക പീഡനങ്ങളിൽവരെ എത്തിനില്ക്കും. ഒടുവിൽ കുടുംബ കോടതിയിൽ കാര്യങ്ങൾ ചെന്നെത്തും. ബന്ധം വേർപെടുത്താൻ ഒട്ടനവധി കാരണങ്ങൾ ഇത്തരം പങ്കാളികൾക്കിടയിൽ അടിക്കടി കൂടും വളരെ സ്നേഹത്തിൽ തുടങ്ങിയ ബന്ധം, ക്രൂരമായ മുറിപ്പെടുത്തലുകൾ, വാക്കുകൾക്കൊണ്ടും പ്രവർത്തികൊണ്ടും ഉണ്ടാകാം. അങ്ങനെ വിവാഹമോചനം യാചിച്ച്കൊണ്ട് കോടതി കയറി ഇറങ്ങുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു വരികയാണ്.

മൂന്നാമത്ത ഭാവമാണ് ഉണർവ്വുള്ള ഭാവം (ആക്ടീവ്) കേൾക്കുമ്പോൾ വളരെ നല്ലതാണെന്ന് തോന്നുമെങ്കിലും ഇതത്ര കേമമല്ല. കാരണം ഈ ഭാവമുള്ളവർ എപ്പോഴും സ്വന്തം കാര്യം വളരെ സമർത്ഥമായി ചെയ്യുകയും, മറ്റുള്ളവർക്ക് യാതൊരു കരുതലും കൊടുക്കാതെ തന്റെ കാര്യം കൃത്യമായി നിർവ്വഹിക്കുകയും, തന്റെ എല്ലാകാര്യങ്ങളും തന്റെ നേട്ടങ്ങളെ മുൻനിർത്തി ചെയ്തുതീർക്കുന്നവരുമാണ്. ഒരു കാര്യം വിജയിച്ചാൽ അവർ കൂടുതൽ

സന്തോഷിക്കുകയും പറ്റുമെങ്കിൽ അതിന്റെ ക്രെഡിറ്റ് പരമാവധി തന്റെ പേരിലാക്കുകയും ചെയ്യും. എന്നാൽ ഒരു പരാജയം വന്നാൽ ഉടനെ അത് മറ്റുള്ളവരുടെ തലയിൽ കെട്ടിവയ്ക്കാൻ ശ്രമിക്കുകയും ചെയ്യും. ഇവർ പ്രഥമ ദൃഷ്ടിയിൽ നല്ലവരാണ്. എന്നാൽ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ സ്വാർത്ഥത നിറഞ്ഞ് സ്വന്തം കാര്യം നോക്കുന്ന ഇവർ നല്ലവരാണെങ്കിലും അത്ര ബെസ്റ്റ് അല്ല.

നാല്ലാമത്തെ മനോഭാവമാണ് ഉത്തമ ഭാവം. ഒരു ഉത്തമ കുടുംബജീവിതത്തിന് പറ്റിയ ഭാവം, അതാണ് പ്രൊആക്ടീവ് ഭാവം. ഇവർ എപ്പോഴും തന്നെക്കാൾ തന്റെ പങ്കാളിയുടെയും മറ്റ എല്ലാവരുടെയും ക്ഷേമം ലക്ഷ്യം വച്ച് തന്റെ കഴിവിന്റെ പരമാവധി ഉപയോഗിക്കുന്നവരാണ്. തന്നെ ഏൽപ്പിച്ചിരിക്കുന്ന കാര്യങ്ങളും കടമകളും മറ്റുള്ളവർ പറയാതെതന്നെ ഒരുപടികൂടി കടന്ന് ചെയ്യുന്നവരും ഒരു 'എക്സ്ട്രാ' മൈൽ നടക്കുന്നവരുമാണ്. തന്റെ വീട് ഇങ്ങനെപോയാൽ പോരാ, തന്റെ പങ്കാളിക്കും മക്കൾക്കും വേണ്ടി താൻ ചെയ്യുതൊന്നും പോരാ എന്ന വിചാരത്തിൽ മടുപ്പ് കൂടാതെ ഓടിനടക്കുന്ന ആളാണ് പ്രൊആക്ടീവ് ഭാവക്കാർ. തനിക്ക് യാതൊരു ക്രെഡിറ്റും അവകാശപ്പെടാതെ വളരെ നിശബ്ദമായി കാര്യങ്ങൾ പരിഭവങ്ങളൊന്നും പറയാതെ ചെയ്യുന്ന ഒരു നന്മയുടെ നറുവെട്ടമാണിവർ. സ്ഥിരോത്സാഹവും ശുഷ്കാന്തിയും ഇവരുടെ പ്രവൃത്തികളിൽ നിറഞ്ഞുനില്ക്കും. ഇത്തരം ഒരു പങ്കാളിയുണ്ടെങ്കിൽ ആ കുടുംബം ഒരു സന്തുഷ്ട കുടുംബമായി മാറുന്നത് നമുക്ക് കാണാൻ കഴിയും.

ഈ നാലു ഭാവങ്ങൾ തമ്മിലുള്ള വകതിരിവുകളും തിരിച്ചറിവുകളുമാണ് സ്വഭാവഗുണ മഹിമകൾ പരിശോധിക്കുമ്പോൾ പ്രാധാന്യം കൊടുക്കേണ്ടത്. ഈ മനശ്ശാസ്ത്ര ബോധം മനസ്സിലാക്കി ഇതിലെ ഒരു ഉത്തമ ഭാവമായ പ്രൊആക്ടീവ് ആകാൻ കുടുംബജീവിതം സ്വപ്നം കണ്ട് വിവാഹത്തിലൂടെ കടന്നുവരുന്നവർ അൽപം ചെറുതായാലും ഒരു വലിയ വളർച്ചയെയാണ് വലംവയ്ക്കുന്നതും വലയം പ്രാപിക്കുന്നതും.

അമേരിക്കൻ സൈക്കോളജിസ്റ്റ് വില്യം ജെയിംസ് പറയുന്നതുപോലെ "മനോഭാവത്തെ മാറ്റാൻ കഴിഞ്ഞാൽ ഈ ലോകത്തെ തന്നെ മാറ്റാൻ സാധിക്കും." അതിനാൽ ലോകത്തെ മുഴുവൻ മാറ്റാൻ ശക്തിയുള്ള മനോഭാവത്തിന്റെ നാലു തലങ്ങൾ മനസ്സിലാക്കി ഒരു കുടുംബത്തെ ശ്രേഷ്ഠതയിലേക്ക് നയിക്കാൻ സാധിക്കും. ഉത്തമ മനോഭാവമായ പ്രൊആക്ടീവ് മറ്റു മൂന്ന് മനോഭാവങ്ങളെയും അതിജീവിച്ച് ഒരു ശില്പമാക്കുന്നതുപോലെ, കുടുബജീവിതത്തെ ഉത്തമ കുടുംബമാക്കാൻ ഉപകരിക്കും. ഈ ഉത്തമ ഭാവത്തിന്റെ ഉടമകളാകാൻ ഇന്നത്തെ യുവതീ യുവാക്കൾക്ക് കഴിയട്ടെ. വിവാഹജീവിതം വിജയകരമാക്കാൻ ഒരു ബാധ്യതയായി കാണാതെ തികഞ്ഞ സാധ്യതയാക്കാൻ ഇടയാകട്ടെ.